# ചിരാത്



ഇ-മാഗസിൻ 2019-20

GHS ANCHACHAVADI,WANDOOR, MALAPPURAM

# സമർപ്പണം

അഞ്ചച്ചവടി ലിറ്റിൽ കൈറ്റിന്റെ (2019-20)

'ചിരാത്' ഇവർക്കായി സമർപ്പിക്കുന്നു.



# സന്ദേശം

'ചിരാത്'എന്ന ഇ-മാഗസിന്റെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ച എല്ലാവർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ



വി.ഇബ്രാഹീം

പി.ടി.എ വൈസ് പ്രസിഡന്റ്



കെ.ടി റഷീദ്

പി.ടി.എ പ്രസിഡന്റ്





കെ.കുഞ്ഞാപ്പ ഹാജി


എസ്. എം. സി .ചെയർമാൻ

പി.കെ ഷുക്കൂർ

എസ്. എം .സി .വൈസ് ചെയർമാൻ

അഞ്ചച്ചവടി ഗവ:ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഇ-മാഗസിൻ നമ്മുടെ സ്ക്കൂളിൽ പുറത്തിറക്കുന്നതിൽ ഞങ്ങൾ വളരെയധികം അഭിമാനിക്കുന്നു. അതോടൊപ്പം ഞങ്ങളുടെ എല്ലാവിധ അഭിനന്ദങ്ങളും നേരുന്നു.........

ആശംസകൾ



കെ.ഉണ്ണികൃഷ്ണൻ
ഹെഡ്മാസ്റ്റർ
ജി എച്ച് എസ് അഞ്ചച്ചവടി.

# ആശംസകൾ

അഞ്ചച്ചവടി സ്കൂളിലെ 'ലിറ്റിൽ' കൈറ്റ്സ് 'ന്റെ നേതൃത്വത്തിൽ ഇ-മാഗസിൻ പുറത്തിറക്കുന്നതിൽ വളരെ അധികം സന്തോഷം. വായനയുടെ പുതു ലോകം ഇനി വിരൽ തുമ്പിൽ ലോകമെങ്ങും ഒരേനിമിഷം തുറക്കാൻ കഴിയും.ഇതിൽ ഞാനും അഭിമാനിക്കുന്നു.

*ഷൈജി. ടി മാത്യു*
ബി.പി.ഒ വണ്ടൂർ
*ബി.ആർ.സി*

അഞ്ചച്ചവടി ഗവ : ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന ഇ-മാഗസിൻ സ്കൂളിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. വിവര സാങ്കേതിക വിദ്യ ക്രിയാത്മകമായി വിനിയോഗിക്കാൻ സന്നദ്ധരായ വിദ്യാർത്ഥികളെയും അവരെ പരിശീലിപ്പിച്ച അധ്യാപക സുഹൃത്തുക്കളെയും അഭിനന്ദിക്കുന്നതോടൊപ്പം തുടർ പ്രവർത്തനങ്ങളിൽ എന്റെ എല്ലാ വിജയാശംസകളും നേരുന്നു.

ഒ കെ ശിവപ്രസാദ്
എസ്.ആർ.ജി കൺവീനർ

# ആശംസകൾ



**അബ്ദുൽ അസീസ്**

ഡെപ്യൂട്ടി എച്ച് എം

അഞ്ചച്ചവടി ഗവ: ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നതിൽ സന്തോഷമുണ്ട്. കുട്ടികളുടെ ഐ.ടി മേഖലയിൽ ഉണ്ടാവുന്ന വളർച്ചയിൽ അതീവ സംതൃപ്തി രേഖപ്പെടുത്തുകയും ആ രംഗത്ത് ഒരു മാഗസിൻ തയ്യാറാക്കുന്നതിൽ കുട്ടികളെ അഭിനന്ദിക്കുകയും ചെയ്യുന്നു. മാഗസിനും അണിയറ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുന്നവർക്കും നിറഞ്ഞ മനസ്സോടെ

ആശംസകൾ.........

# സ്റ്റുഡന്റ്സ് എഡിറ്റോറിയൽ ബോർഡ്



# എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ : കെ.ഉണ്ണികൃഷ്ണൻ

സ്റ്റാഫ് എഡ്റ്റർ : സുചിത്ര ഇ.വി

**സ്റ്റുഡന്റ് എഡിറ്റർ : സ്വഫ്‌വാൻ**

ബോർഡ് അംഗങ്ങൾ

1. രാജേഷ്. ഇ.കെ.
2 രജിഷ തെയ്യാട്ട്
3. ദിപു . പി.
4. യൂനുസ് എ.പി
5. മനോജ്. എം.
6. ഹാരിസ് ഒടാല
7. ശരത് എ എസ്
8. ഫാത്തിമ സുഹ്റ. ടി
9 . ഗോപകുമാർ
10. ദീപ്തി
11 . മൈമൂന
12. അൻഷിദ് ടി (9B)
13. ദയ്യിൻ നിഹാം എം.കെ (9B)
14. മിസ്തഹ് കെ (9B)
15 .സാബുൽ അസ്ഹബ് എം.കെ (9A)
16. ഷഹ്മ ഒ.പി (9A)
17. ജസ്വിൻ സി.എൽ (9A)
18. ഷഹൽ എ (9A)
19. സമീഹ കെ.ടി (9A)

**ഉപദേശക സമിതി**

1. അബ്ദുൽ അസീസ്. എം.
2. ശിവപ്രസാദ് ഒ. കെ.
3. മെഹബൂബ് എൻ
4. അബ്ദുൽ കരീം. വി.
5 . മുജീബ് തെക്കൻ

# हे नाविक

जीवन एक महासागर है
हम सब इसके नाविक हैँ
लहरों से, आँधी से लडकर
नाव चलानेवाले हम।

हे नाविक , तुम कभी न डरो
डरनेवालों की यहाँ नहीं जगह
चुनौतियों का सामना करके
आगे बढना धर्म हमारा।

बाधाएँ आती हैं अनेक
हँसकर सामना करो तुम
विपत्तियों के सामने कभी भी
न डरना याद करो तुम।

सुनो और सुनाओ तुम कि
कोशिश करना धर्म हमारा
कोशिश करनेवाले कभी भी
पराजित न होते जीवन में।

Manoj M,HST Hindi

# <u>പ്രകൃതി ചൂഷണം</u>

തണ്ണീർത്തടങ്ങൾ നികത്തിയീ ഭൂമിയെ....
കണ്ണീർത്തടങ്ങളായ് മാറ്റുന്ന മാനുഷ്യർ...
മണ്ണിതിലിപ്പോൾ പ്രകൃതിക്ക് പോല്യമേ...
ഉണ്ണാനുടുക്കാനുമില്ലാത്ത വസ്ഥയായ്...
കായൽക്കരകളേ കൈയേറിയിക്കൂട്ടർ...
മായാ മനോഹര ഹർമ്മ്യങ്ങൾ തീർക്കുമ്പോൾ...
തോയത്തിൽ ലഭ്യതയാകെക്കുറയുന്നു...
കായകനികളും കൺമറഞ്ഞീടുന്നു...
പാടങ്ങളാകെ നികത്തി പുതിയതാം...
പാതകളാകെയൊരുക്കിയെടുക്കുമ്പോൾ...
തോതു കുറയുന്നിതന്തരീക്ഷത്തിലെ...
വാതായനങ്ങളായ്...
വർത്തിക്കുമീർപ്പത്തിൻ...
കാടും പുഴകളുമാകെ നശിപ്പിച്ച...
കാടത്തം കിട്ടും മനുഷ്യാ നീയോർക്കുക...
മോടിയോടിന്നുനീ വാഴുന്ന ഭൂമിയിൽ...
വാടിത്തളരും വളരുന്ന തലമുറ...
ദാഹത്തെ തീർക്കുവാനും...
ഭക്ഷിക്കുവാൻ കനികകളുമില്ലാതെ...
മേഹങ്ങളെല്ലാം മരവിച്ച മാനവർ...
ദേഹം വെടിയുമവസ്ഥയുണ്ടാക്കണോ...
ചിന്തിച്ചു നോക്കു,പ്രകൃതിയെ കൊല്ലുവോർ...
അന്തകരാകുന്നു തങ്ങൾക്ക് തന്നേയും ...

**SumayyaT (HST Hindi)**

# Save Me , Save Me

I am a liqiud ,
I have no colour,
I have no odour,
I am all around.
I am often polluted,
Save me from pollution
I am often wasted,
Use me Sufficiently
I am precious
Save me...Save me …….

Dilnasha. p.p
4:A

## **Profile of R.K.Narayan**

R.K Narayan was born on 10th October 1906. His full name Rasipuram Krishnaswami Iyer Narayanaswami, was an Indian writer known for his works set in the fictional south Indian town of Malgudi. He was a leading author of early Indian literature in English.

The fictional town of Malgudi was first introduced in ‘swami and friends’ which is a part of his semi autobiographical trilogy. ‘The Trio’ is the renamed title of the second chapter of ‘swami and friends’ which has the original title ‘Rajam and Mani’.He was passed away on 13th may 2001.He aged 97.

## **Profile of Gieve Patel**

was born on 18 August 1940 is an Indian poet, playwright, painter and physician. He is part of “Green Movement” which is involved in an effort to protect the environment.

His poems expose man’s cruelty to nature. His work include poems like ‘How Do You Withstand’, ‘Body’, ‘Mirrored Mirroring’ and three plays titled ‘Princes’, ‘Savaska’ and ‘Mr. Behram’.

Muhammed Safwan VM (9B)

# നല്ല മനസ്സ്

ഒരു പട്ടണത്തിൽ രാമു അവന്റെ അച്ഛന്റെയും അമ്മയുടെയും കൂടെതാമസിക്കുന്നു.അവൻ ഏഴാം ക്ലാസിലാണ്പഠിക്കുന്നത്.അവന് മൃഗങ്ങളെയും പക്ഷികളെയും വളരെ ഇഷ്ടമാണ്.അങ്ങനെ സ്ക്കൂളിൽ പരീക്ഷ കഴിഞ്ഞു.ഇനി രണ്ട് മാസം നീണ്ടു നിൽകുന്ന അവധിക്കാലം.അവന്റെ അമ്മൂമയും അപ്പൂപനുമെല്ലാം ഒരു മനോഹരമായ ഗ്രാമത്തിലാണ് താമസം.പ്രകൃതിയുടെ മനോഹരിത തുളുമ്പി നിൽകുന്ന ഗ്രാമം.രാമു അവന്റെ മുത്തശ്ശിയുടെയും മുത്തശ്ശന്റെയും അടുത്തേക്ക് പോയി.അവൻ മുത്തശ്ശന്റെ കൂടെ പക്ഷികളെയും മൃഗങ്ങളെയും കണ്ട് അങ്ങനെ നിന്നു.ഒരു ദിവസം അവൻ ഒരു വഴിയില്ലൂടെ പക്ഷികളെയും കണ്ട് നടക്കുമ്പോൾ ഒരു ചെറിയ കുടിലിൽ നിന്ന് ഒരു പക്ഷിയുടെ ശബ്ദം കേട്ടു.മെല്ലെ അവന്റെ ശ്രദ്ധ അങ്ങോട്ട് തിരിഞ്ഞു

.പതുക്കെ ആകുടിലിനെ ലക്ഷ്യമാക്കി നടന്നു നീങ്ങി അപ്പോൾ അവൻ അതിമനോഹരമായ ഒരു തത്തമ്മയെ കണ്ടു.ആദ്യമൊക്ക സന്തോശം തോന്നിയെങ്കിലും മെല്ലെ ആ പുഞ്ചിരി മാഞ്ഞു.കാരണം ആതത്തമ്മയെ അവർ പറക്കാൻ കഴിയാത്തവിധം കൂട്ടിലടച്ച് വെച്ചിരിക്കുകയാണ്. ഒരു നിമിഷം മിണ്ടാതെ നിന്നു .ചുറ്റുമൊന്ന് നോക്കി .ആരെയുംകാണാനില്ല. പതുക്കെ അവൻ ആ കൂട് തുറന്നു. പക്ഷെ ആ തത്തമ്മ പുറത്തുവരുന്നില്ല. കാരണം തത്തമ്മപേടിച്ച് വിറച്ചിരിക്കുകയാണ്. അപ്പോൾ അവൻ പുറകോട്ട് . തത്തമ്മ മെല്ലെ പുറത്തിറങ്ങി.അതിന്റെ ചിറകുകൾ വിടർത്തി.മെല്ലെ മെല്ലെ അത് പറന്നുയർന്നു.ആ മനോഹരമായ കാഴ്ചകണ്ട് രാമു സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.മുത്തശ്ശനോട് നടന്നതെല്ലാം വിവരിച്ചു.മുത്തശ്ശൻ അവലനെ അഭിനന്ദിച്ചു. അങ്ങനെ സന്തോശത്തോടെ അവർ കഴിഞ്ഞു കൂടി.

ANSHID T 9B

# പ്രളയം

ആ ആഗസ്റ്റ് മാസം വളരെ വേദന നിറഞ്ഞതായിരുന്നു. കേരളം എന്തോ ആരെയൊക്കെയോ വേദനിപ്പിച്ചത് പോലെ പ്രകൃതി നമ്മോട് പെരുമാറി.2018 ൽ ആഗസ്റ്റ് മാസം 10-തുടങ്ങി 14 തിയതികളിൾവരെ കേരളം മൊത്തം കണ്ണീർപുഴയായി.തുടക്കത്തിൽ പെയ്ത മഴ കണ്ട് എല്ലാവരും ഒഴിഞ്ഞ കൂരയിലേക്ക് പാഞ്ഞു കയറി. എന്നാൽ അതിനെ നിസ്സാരമാക്കി കളഞ്ഞു. പിന്നീട് ആ മഴ കോരിച്ചൊരിഞ്ഞ് റോഡിലും വീട്ട് മുറ്റത്തും വരെ എത്തി.റോഡിലൂടെ ഓടുന്ന വാഹനം വെള്ളത്തിലൂടെയും ഓടി തുടങ്ങി. കടലിലൂടെ ഓടുന്ന വഞ്ചികൾ റോഡിലൂടെയും ഓടി. അടിവസ്ത്രം മുതൽ നാം നിത്യമുപയോഗിക്കുന്ന ചെറിയ സാധനങ്ങൾക്ക് വരെ അന്യസംസ്ഥാനക്കാരെ ആശ്രയിക്കേണ്ടി വന്നു. വിശന്ന വയറിന് ഭക്ഷണം നൽകാൻ മടിച്ച കേരളീയർ ഭക്ഷണത്തിന് വേണ്ടി ഹെലിക്കോപ്പ്റ്ററിന്റെ വരവും കാത്ത് കൈ മുകളിലേക്ക് ഉയർത്തി നിൽക്കേണ്ടി വന്നു.തന്റെ വീടും അടുത്ത പുഴയും വേർത്തിപിക്കാൻ പാടുപ്പെട്ടു.അന്ന് എനിക്ക് മനസ്സിലായി പണക്കാരന്നെന്നും പാവപ്പെട്ടവരെന്നും വ്യത്യാസമില്ലാത്ത കേരളീയർക്ക് സ്നേഹിക്കാൻ കഴിമെന്ന്.ആ ദിവസങ്ങളിൽ സ്കൂളുകളെല്ലാം അടച്ച പൂട്ടി പിന്നീട് അത് ക്യാമ്പായി പ്രവർത്തിച്ച.ഇതിന് പുറമെ കേരളത്തിന് നഷ്ട്മായത് വിലമതിക്കാനാവാത്ത കുറേ ജീവനുകളാണ്.

ഇത് എന്റെ ഭാഷയിലെ പ്രളയമാണ്.

Ansiya (9B)

## നന്മയുടെ പ്രതിഫലം

സ്പൈറി എന്ന രാജ്യത്ത് ഒരു കൊട്ടാരമുണ്ടായിരുന്നു. ആകൊട്ടാരത്തിൽ ഒരു രാജാവും റാണിയും ഉണ്ടായിരുന്നു. അവർക്ക് അതിസുന്ദരിയായ ഒരു മകൾ ജനിച്ചു. അവൾക്ക് അവർ സ്നോവൈറ്റ് എന്ന പേരും നൽകി. സ്നോവൈറ്റ് വളർന്ന് വലുതായപ്പോൾ അവളുടെ അമ്മ മരണപ്പെടുകയും അച്ഛൻ മറ്റൊരു വിവാഹം കഴിക്കുകയും ചെയ്തു. രണ്ടാനമ്മ വളരെ ക്രൂരയായിരുന്നു. രണ്ടാനമ്മയ്ക്ക് ഒരു മാന്ത്രിക കണ്ണാടിയുണ്ടായിരുന്നു. അവൾ എന്നും കണ്ണാടിയോട് ചോദിക്കും ഈ ലോകത്തിലെ സുന്ദരിയെന്ന്. കണ്ണാടിപറയും റാണിയാണ് ഈ ലോകത്തിലെ സുന്ദരിയെന്ന്. സ്നോവൈറ്റ് ആ കൊട്ടാരത്തിൽ വളർന്ന് വലുതാകുകയും വളരെ സുന്ദരിയായി മാറുകയം ചെയ്തു. പിന്നീട് ഒരു ദിവസം റാണി കണ്ണാടിയോട് ചോദിച്ചു ആരാണ് ഈ ലോകത്തിലെ സുന്ദരിയെന്ന്. അപ്പോൾ കണ്ണാടി പറഞ്ഞു; സ്നോവൈറ്റാണ് ഈ ലോകത്തിലെ ഏറ്റവും വലിയ സുന്ദരി.റാണി വളരെയധികം കോപിഷ്ഠയായി. സ്നോവൈറ്റിനെ കൊല്ലാനായി ഒരു ഭടനെ ഏർപെടുത്തി. ഭടൻ അവളെ അധിസുന്ദരമായൊരു കാട് കാട്ടിതരാമെന്ന് അവളെ കൂട്ടി കൊണ്ട്പോയി. ഭടൻ അവളെ കൊല്ലാതെ ആ കാട്ടിൽ ഉപേക്ഷിച്ചു. അങ്ങനെ അവൾ നടന്ന് നടന്ന് മറ്റൊരു കൊട്ടാരത്തിൽ എത്തുകയും കാര്യങ്ങൾ പറയുകയും അദ്ദേഹം രണ്ടാനമ്മയെ കൊല്ലുകയും ചെയ്തു. പിന്നീടുള്ള കാലം അവർ രണ്ടുപേരും സ്പൈറി കൊട്ടാരത്തിൽ സുഖമായി എത്തുകയും ചെയ്തു.

HannaMajida (9B)

# സ്കൂളെന്നാൽ.

ഒരു സന്ധ്യക്കാണ് എനിക്ക് ഓർമ്മവന്നത്.അവധി തുടങ്ങിയ ശേഷം സ്കൂളിനെ ഓർത്തിട്ടേ ഉണ്ടായിരുന്നില്ല.അമ്മയറിയാതെ ചായ്പ്പിൽ നിന്ന് ഉരുട്ടിയിറക്കിയ സൈക്കിളിൽ സ്കൂളിലേയ്ക്ക് പുറപ്പെട്ടു. ഗ്രൗണ്ടിൽ കയറിയതേയുള്ളു മനം പിടച്ചു. നിഴലുകൾ മാത്രം ഓടിക്കളിക്കുന്ന മുറ്റം ചപ്പിലകൾ വീണുക്കിടക്കുന്ന ചവിട്ടുപടികൾ.ആളനക്കമില്ലാത്ത ഇടനാഴി. വാടിത്തളർന്ന പൂച്ചെടികൾ.അനക്കം നിലച്ച കുടമണി.ചാരിയ വാതിൽ തുറന്ന് ക്ലാസിൽ കയറി. കറുത്തിരുണ്ട ക്ലാസ് മുറി.തലങ്ങും വിലങ്ങും കിടക്കുന്ന ബെഞ്ചുകൾ.മാറാല പിടിച്ച ബോർഡ്. പല്ലികൾ ഇഴയുന്ന ചുമര്.ഗ്രൗണ്ടിൽ ആളനക്കമില്ലാനിഴലുകൾ മാത്രം ഓടിക്കളിക്കുന്നു. ഒരുതരി ഒച്ചപോലുമില്ലാത്ത അവിടെ ഒരു നിമിഷംപോലും നിൽക്കാൻ കഴിഞ്ഞില്ല. തിരിച്ച് സൈക്കിളിനടുത്തേയ്ക്ക് ഇരുട്ടിൽ തപ്പിത്തടഞ്ഞു നടക്കുമ്പോൾ മനസ്സു പറഞ്ഞു; "സ്കൂളെന്നാൽ പകലാണ്"

Jeswin-C.L[9-A]

# ഏകാന്ത പ്രണയം...!

സ്വപ്ന സാന്ത്വനത്തിൽ താഴ് വാരം പോലെ....
എത്രകാലമായ് നിന്നെ ഞാൻ ഗാഢമായ്....
ഓർത്തങ്ങു നോവുന്നു;രാവിന്റെ വെള്ളയിൽ....
പലതും പൊഴിയുന്ന മായുന്നു,മറയുന്നു;
പാപ വേളയിൽ ശിരസ്സുകൾ ഉയരുന്നു....

ആഗോള സ്പന്ദനം നിന്റെയാ-
വിരലഴി മധുവാർന്ന മിഴികളും
ഗരുഡന്റെ മധുമൊഴി,പ്രണയമാ-
ണെണെന്നും ഈ നീർത്തുള്ളി;
വഴികളിൽ തിരിയുന്നു,നിന്നെ ഞാൻ
ഈ നൂറ്റണ്ടുനാഴിക....

ദാഹ ശിലയിൽ നീ എന്നിലായ് നീറുന്ന-
വീണപൂവിന്റെ പാതിപോലാണ നീ;
ഏകാന്ത ഗേഹത്തിൽ ഇരയാണ ഇന്നു ഞാൻ...
ഇഴയുകയാണിന്നെന്റെ നീറുന്ന മാനന്തം,
തീരുന്നു ഇന്നെന്റെ പ്രണയം സഖാവെ.........

Luthufa Ali [9-A]

# വെള്ളച്ചാട്ടം

അപ്പുവും കൂട്ടുകാരും വീട്ടുകാർ അറിയാതെ തൊട്ടടുത്ത നാട്ടിലെ ഒരു വെള്ള ചാട്ടം കാണാൻപുറപ്പെട്ടു .തൊട്ടടുത്ത രാമുചേട്ടന്റെ കടയിൽനിന്ന് പണം മോഷ്ടിച്ചാണ് ഇവന്മാരുടെ പോക്ക്.സൈക്കിളിലാണ് പോകുന്നത്.കുറേ ചവിട്ടി അവർ അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തി. സന്തോഷം കൊണ്ട് മനം കവർന്ന് അവർ വെള്ളച്ചാട്ടത്തിന്റെ അടുത്തേക്ക് ഓടി വെള്ളത്തിലേക്ക് ചാടി. അവർ ആവെള്ളത്തിൽസന്തോഷത്തോടെയും ഉൽസാഹത്തോടെയും കളിച്ചു രസിച്ചു .നേരം ഉച്ചക്ക് ഒരുമണി യായി. അപ്പുവും കൂട്ടുകാരും മാത്രംമാണ് ആ വെള്ളച്ചാട്ടത്തിനരികിൽ ഉള്ളത് പെട്ടന്ന് ഒരു ശബ്ദം. അവർ ഞെട്ടിവിറച്ചു. കുറച്ച് നേരം മിണ്ടാതെ വെള്ളത്തിലങ്ങനെ നിന്നു. അതാവരുന്നു കുറെ പാറകല്ലുകളും മരങ്ങളും വെള്ളത്തിലൂടെ കുത്തിയോലിച്ചുവന്നു അപ്പോ അപ്പുവും കൂട്ടുകാരും വെള്ളതിൽനിന്ന് ഓടി . പക്ഷേ അവരുടെ കൂടെ ഉണ്ടായിരുന്ന ദീപു മലവെള്ള പാച്ചിലിൽ പെട്ടുപോയി. അപ്പുവും കൂട്ടുകാരും ആകെ പേടിച്ച് വിറച്ചുകൊണ്ട് ഓടി തൊട്ടടുത്തുള്ള ഒരു കൊടും കാട്ടിലേക്ക് കയറി. പിന്നെ ഒരു വിവരവുമില്ല. വൈകുന്നേരമായിട്ടും അപ്പുവിനേയും കൂട്ടുകാരെയും കാണാനില്ല. വീടുകളിൽ അന്വേഷണം തുടങ്ങി. ആ ദിവസം മുഴുവൻ നാട്ടുകാരും വീട്ടുകാരും അവരെ അന്വേഷിച്ചെങ്കിലും അവരെ കണ്ടെത്താനായില്ല.

പിറ്റേ ദിവസം നേരം പുലർന്നു. പതിവുപോലെ രാമുച്ചേട്ടൻ പാത്രവുമായി പുറപ്പെട്ടു. അപ്പോൾ അതാ പുഴക്കരയിൽ ഒരു ശവം. മെല്ലെ ചെന്ന് നോക്കുമ്പോൾ അത് ദീപുവിന്റെ ശവമാണ്. രാമുച്ചേട്ടൻ നാട്ടുകാരെയും വീട്ടുകാരെയും വിളിച്ചുകൂട്ടി. കുറച്ച് നേരം കഴിഞ്ഞപ്പോൾ പോലീസുകാരും വന്നു. പോലീസുകാരുടെ അന്വേഷണത്തിൽ ദീപു മലവെള്ളത്തിൽ പെട്ടതാണെന്ന് സ്ഥിരീകരിച്ചു. അപ്പോഴും അപ്പുവിനേയും കൂട്ടുകാരെയും കണ്ടെത്താനായില്ല. അപ്പോൾ നാട്ടുകാർ തൊട്ടടുത്ത കാട്ടിലേക്ക് തിരിഞ്ഞു. അവിടെ നിന്ന് അവർക്ക് കുട്ടികളുടെ തെളിവുകളും മറ്റും ലഭിച്ചു. മൂന്നു ദിവസത്തെ കഠിന തിരച്ചിലിലും അവരെ കണ്ടെത്താനായില്ല. കൂട്ടത്തിലുണ്ടായിരുന്ന ഒരു പോലീസ് സ്വന്തം ജീവൻ പണയം വെച്ച് ഫോറസ്റ്റിന്റെ അതിർത്തി ലംഘിച്ച് അവരെ തിരഞ്ഞ് പോയി. ഒരുപാട് ദൂരം പോയപ്പോൾ കാടിനുള്ളിൽ ഒരു വലിയ വെള്ളച്ചാട്ടത്തിന്റെ അരികിൽ അവർ എല്ലാവരും കിടന്നുറങ്ങുന്നുണ്ടായിരുന്നു. ആ പോലീസ് അവരെയും കൊണ്ട് നാട്ടിലേക്ക് പോയി, നടന്നതെല്ലാം അവർ വിശദീകരിച്ചു

. Dayyin niham MK 9 B

# *J R C*

അന്തർദേശീയ റെഡ്ക്രോസ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുവ തലമുറയിൽ സേവന സന്നദ്ധത, സ്വഭാവ രൂപീകരണം, ദയ, സ്നേഹം, ആതുര ശുശ്രൂഷ, വിദ്യാഭ്യാസ പ്രചാരണം എന്നീ ഉത്കൃഷ്ടാദർശങ്ങൾ രൂഢമൂലമാക്കുന്നതിനും വേണ്ടി രൂപവത്കരിച്ച ഒരു സംഘടനയാണ് ജൂനിയർ റെഡ്ക്രോസ്. ഇത് തികച്ചും ജാതി, മത, വർഗ്ഗ, രാഷ്ട്രീയേതരമായും നിഷ്പക്ഷമായും പ്രവർത്തിക്കുന്നതാണ്. മാതൃ സംഘടനയെ പോലെ ലോകത്തിന്റെ എല്ലാ ഭാഗത്തും ജൂനിയർ റെഡ്ക്രോസിന് ശാഖകളുണ്ട്.

മഹാനായ ജീൻ ഹെൻറിഡ്യൂനന്റിന് സോൾഫെറിനോ യുദ്ധം നൽകിയ പ്രചോദനം റെഡ് ക്രോസിന് രൂപം നൽകിയെങ്കിൽ ഒന്നാം ലോക മഹാ യുദ്ധ കാലത്തെ മനുഷ്യക്കുരുതിയുടെ കഥ കാനഡയിലെ ബാലികാബാലൻമാരുടെ കണ്ണ് തുറപ്പിക്കാൻ പോന്നവയായിരുന്നു. യുദ്ധത്തിൽ മുറിവേറ്റ് കിടക്കുന്ന ഭടൻമാരെ ശത്രു-മിത്ര ഭേദമന്യേ സഹായിക്കുന്ന റെഡ്ക്രോസിന്റെ പ്രവർത്തനങ്ങൾക്ക് കുട്ടികളുടെ സംഭാവന വിലപ്പെട്ടവയായിരുന്നു. ഭടൻമാർക്ക് പ്രഥമ ശുശ്രൂഷ നൽകാൻ ആവശ്യമായ ബാന്റേജും മറ്റ് വസ്തുക്കളും ശേഖരിച്ച് നൽകുവാൻ ആ കുട്ടികൾ കാണിച്ച സേവന സന്നദ്ധത മുതിർന്നവരെ പോലും അത്ഭുതപ്പെടുത്തി.



നാളത്തെ വാഗ്ദാനങ്ങൾ ഇന്ന് സേവനത്തിന്റെ പാഠങ്ങൾ ഗ്രഹിച്ചാൽ ലോകത്തെ ദുരിതവിമുക്തമാക്കാൻ കഴിയുമെന്ന് അനുഭവ സമ്പന്നയായ ക്ലാര ബർട്ടൺ എന്ന മഹതി മനസിലാക്കി. കുട്ടികളുടെ ഉത്സാഹം പ്രവർത്തന മണ്ഡലത്തിലേക്ക് തിരിച്ചു വിടാൻ വേണ്ടി 1920 ൽ അവർ ജൂനിയർ റെഡ് ക്രോസിന് രൂപം നൽകി.

JRC TEAM Anchachavadi

# ഓർമയുടെ താളുകളിലേക്ക്..

2 വർഷത്തെ നീണ്ട കാത്തിരിപ്പിന് തിരശ്ശീല വീണു. ഓർമകൾക്ക് ഒരു പുതിയ മുഖം കൂടി നൽകിയ ആ ദ്വിദിന  പഠന യാത്ര.. സീറ്റിന് വേണ്ടിയുള്ള പ്ലാനുകൾ മുഴുവൻ പാടെ പൊളിഞ്ഞ ആദ്യ ദിനം. തോളിലൊരു മാറാപ്പു സഞ്ചിയുമായി രാത്രി 10 മണിയോടെ ബസ്സിൽ കയറി. ഏകദേശം 12 മണി വരെ പാട്ടും ഡാൻസും..  12 മണിക്ക് ശേഷമുള്ള ആ പാതി മയക്കം തന്നെ മതിയായിരുന്നു ഒരുപാട് ഓർമകൾ നൽകാൻ.. ഡാൻസിന്റെ ക്ഷീണവും കാലി വയറുമായി 5 മണിയോടെ എത്തിയ പഴനിയിലെ ഹോട്ടൽ മുറിയിൽ വെച്ച് വിസ്തരിച്ചൊരു കുളി.. ശേഷം  6.45 ഓടെ കൊടൈക്കനാലിലേക്ക്.. കൃത്യം 8.30 ന് ഇഡലിയും പൂരിയും പൊറോട്ടയും ദോശയുമടങ്ങുന്ന പ്രഭാതഭക്ഷണം.. മരം കോച്ചുന്ന തണുപ്പിൽ നല്ല ചൂട്ട ചായ.. ശേഷം കാഴ്ച്ചയുടെ പറുദീസ തേടി കൊടൈക്കനാലിൻറെ തണുത്ത വഴികളിലൂടെ റോസ് ഗാർഡനിലേക്ക്.. പൂക്കളെല്ലാം വിരിഞ്ഞ് തുടങ്ങുന്നതേ ഉള്ളൂ.. എങ്കിലും പ്രകൃതിയെ സാക്ഷിയാക്കി മൊബൈലുകളുടെ സെൽഫി ക്യാമറകൾ ക്ലിക്ക് ചെയ്ത്കൊണ്ടേ ഇരുന്നു.. "പോകുന്നിടങ്ങളിൽ നിന്നെല്ലാം സാധനങ്ങൾ വാങ്ങാൻ നിൽക്കരുത്. പർച്ചേസിങ്ങിന് പറ്റിയ സ്ഥലം ഞങ്ങൾ പറഞ്ഞ് തരാം" അധ്യാപകരുടെ ഈ ഉപദേശം പക്ഷേ, മുൻ വർഷത്തെ അനുഭവം കാരണം അനുസരിക്കാൻ തോന്നിയില്ല. കഴിഞ്ഞ വർഷം പോയപ്പോൾ നല്ല സാധനങ്ങളൊന്നും വാങ്ങാൻ സമയം കിട്ടിയിട്ടില്ല. ഈ പ്രാവശ്യവും ആ അനുഭവം ഉണ്ടാവരുത്. അത് കൊണ്ട് തന്നെ അധ്യാപകരുടെ കണ്ണ് വെട്ടിച്ച് ആദ്യം തന്നെ ഒരു പെട്ടി ചോക്കലേറ്റ് വാങ്ങി. റോസ് ഗാർഡന് ശേഷം കോട മൂടിയ പില്ലാർ റോക്കും മോയർ പോയിൻറും.. പിന്നെ സാഹസികതകൾ നിറഞ്ഞ ഗുണാകേവ്സ്.. കാഴ്ചയുടെ രസം അനുഭവിപ്പിച്ച് തല ഉയർത്തി നിൽക്കുന്ന പൈൻ മരങ്ങൾ.. വിശന്ന് വലഞ്ഞ കോക്കേഴ്സ് വാക്ക്.. തിന്നു തീർത്ത പാനി പൂരി.. അവസാനം തെണ്ടിത്തിരിഞ്ഞെത്തിയത് പ്രഭാത ഭക്ഷണം കഴിച്ച അതേ ഹോട്ടലിൽ.. ഉച്ചക്ക് നല്ല അസ്സൽ സദ്യയും കഴിച്ച് വീണ്ടും കാഴ്ചകളുടെ ലോകത്തേക്ക്.. ബോട്ടിങ്ങിന് വേണ്ടി കൊടൈക്കനാൽ ലെയ്ക്കിലെത്തിയപ്പോൾ എല്ലാവർക്കും പോവാനുള്ള ബോട്ട് ഇല്ല. ഒടുവിൽ ഒരു ടീം പോയി വന്നതിന് ശേഷമാണ് മറ്റൊരു ടീമിന് പുറപ്പെടാനായത്. തണുപ്പത്ത് പല്ലിന് വ്യായാമം നൽകാനായി വാങ്ങിയ കാരറ്റും കടിച്ച് കൊണ്ട് നീണ്ട പർച്ചേസിംഗ്.. വാങ്ങി ഒരുപാട് സാധനങ്ങൾ.. ആവശ്യമുള്ളവയും ഇല്ലാത്തവയും എല്ലാം.. ബോട്ടിംഗിനും പർച്ചേസിംഗിനും ശേഷം നേരെ ബസ്സിലേക്ക്.. പിന്നെ ചുരങ്ങൾ താണ്ടി വണ്ടി നേരെ

മറയൂരിലേക്ക്.. അവിടെയാണ് താമസം ഒരുക്കിയിട്ടുള്ളത്. മറയൂരിലെ ചന്ദനക്കാടുകൾക്കിടയിലൂടെ ഞങ്ങൾക്ക് തല ചായ്ക്കാനായി തയ്യാറായി നിൽക്കുന്ന ഹോട്ടൽ റൂമിലേക്കാണ് ഈ പോക്ക്.. രാത്രി വൈകിയതിനാൽ ഭൂരിഭാഗം പേരും കുളിക്കാതെ ഒറ്റ കിടത്തം.. കിട്ക്കാൻ കാത്തു നിൽക്കുകയായിരുന്നു നിദ്രാദേവി വന്ന് പുൽകാൻ.. എല്ലാവരും നന്നായി ഉറങ്ങി..

രാവിലെ 7 മണിയോടെ ഞങ്ങളെല്ലാവരും കുളിച്ച് സുന്ദരക്കുട്ടപ്പൻമാരായി നിന്നു.. യൂനുസ് മാഷിന്റെ വീഡിയോ പിടുത്തം നല്ല തകൃതിയായി നടക്കുന്നുണ്ട്. രുചികരമായ പ്രഭാത ഭക്ഷണ ശേഷം മൂന്നാറിന്റെ സൗന്ദര്യം നുണയാനായി ഞങ്ങൾ പുറപ്പെട്ടു. ആദ്യം കണ്ണൻദേവൻ മലനിരകളിലൂടെ ടീ ഫാക്ടറിയിലേക്ക്.. എല്ലാവരും വീട്ടിലേക്ക് ചായപ്പൊടി വാങ്ങിക്കുന്ന തിരക്കിലാണ്. ഒരു ചെറിയ വെള്ളച്ചാട്ടത്തിലേക്കെത്തി.. നല്ല തെളിഞ്ഞ തണുത്ത വെള്ളം.. കുറെ ഫോട്ടോകളെടുത്തു.. ശേഷം മാട്ടുപ്പെട്ടി ഡാമിലേക്ക്.. ഉച്ച ഭക്ഷണം അവിടെയാണ്.. ഏകദേശം ഒന്നര മണിക്കൂറോളം ബ്ലോക്കിൽ പെട്ടതിനാൽ ഭക്ഷണ സ്ഥലത്തേക്ക് നടന്ന് പോവേണ്ടി വന്നു. പുഴയുടെ സൗന്ദര്യം ആസ്വദിച്ച് എക്കോ പോയിന്റിൽ ഒരു ഉച്ചഭക്ഷണം.. പിന്നെ നേരെ ഡി.ജെ പാർട്ടിക്കായി മൂന്നാറിലേക്ക്.. 40 മിനിറ്റ് നേരം സകലതും മറന്ന് ആടി. പാർട്ടി കഴിഞ്ഞപ്പോഴേക്ക് പലരും നിവർന്ന് നിൽക്കാൻ പോലുമാവാതെ തളർന്ന് പോയിരുന്നു. അൽപ്പ നേരത്തെ വിശ്രമത്തിന് ശേഷം അവിടെ തന്നെയുള്ള ഹോട്ടലിൽ വെച്ച് മന്തി റൈസും അൽഫാം പീസും.. ആ തളർച്ചയിൽ പക്ഷെ അധികം ഭക്ഷണം കഴിക്കാൻ കഴിഞ്ഞില്ല. ഭക്ഷണ ശേഷം നേരെ സ്കൂളിലേക്ക്..

മൂന്ന് രാത്രിയും രണ്ട് പകലും നീണ്ട് നിന്ന യാത്രയിൽ ചങ്കായി നിന്ന അധ്യാപകർ, ഹാരിസ് മാഷ്, രാജേഷ് മാഷ്, ശരത് മാഷ്, യൂനുസ് മാഷ്, സുചിത്ര ടീച്ചർ, രജീഷ ടീച്ചർ പിന്നെ കുട്ടികളായ ഞങ്ങളുടെ ഇഷ്ടങ്ങൾ മാനിച്ച് കട്ടക്ക് കൂടെ നിന്ന ഗാലക്സി ടീമും. ഒരായുസ് മുഴുവൻ ഓർമയിൽ സൂക്ഷിക്കാനുള്ള അനുഭവങ്ങളുമായി പുറപ്പെട്ട ഞങ്ങൾക്ക് അനുഭവങ്ങളുടെ പറുദീസ സമ്മാനിച്ച ടൂർ കോർഡിനേറ്റർക്ക് ഹൃദയത്തിൽ തൊട്ട നന്ദി.

ടീം കൊടൈക്കനാൽ

# Yes, We are friends

You and I are friends,
I am here for you
You are there for me.
We share our dreams….
We share our secrets…
We share our hops…
When times are hard,
When all things go wrong,
We hold our hands together.
We are together through good and bad
Yes,We are friends….

Binsiyya.E 4.A

# ജിവിതയാത്ര

**കടലുകൾ കരയുന്നിതാ...**

കരകൾ നെടുവീർപ്പെടുന്നു
കാറ്റുവീശും ചുടുകാറ്റായ്
അലയടിക്കും തിരമാലകൾക്കിടയിൽ
എന്തിനോ വെറുതെ
ഒരു പിഞ്ചു പൈതൽ കൈനീട്ടവെ
ഇരുകണ്ണുകൾ തോരാമഴയായ്
അവനെയും കോരിയെടുത്തു
സാഗരം ഗർജ്ജിക്കുകയായ്
അറിയില്ല എന്തിനീ ഭുവിൽ
തിരികെ തരണമെന്ന അപേക്ഷയിൽ
ദയനീയമായി ഞാൻ
കളിപാട്ടം പോൽ
നിന്നുപോയ് വന്നു നിന്നുഞാൻ
മനുഷ്യന്റെ ക്രൂരതയാൽ
ഒരിറ്റു ഓവിനീരയായി
സാഗരവും ക്രൂരനായോ...
എന്നതോന്നൽ എന്നെഞെട്ടിച്ചു
കരുന്നു ഞാനിതാ...
എല്ലാം വെറും ഒരു തോന്നയ്
ഉണങ്ങി വരണ്ട എൻ ജീവിതം
എന്തിനോ തിരയുന്നു.

ആശയം നീരുറവകൾ
മഴയായ് പെയ്തിറങ്ങിയെങ്കിൽ
ചെണ്ട മദ്ദളത്തിനോട്
പരാതിപറയുംമ്പോൾ
എൻ വരണ്ട പാതത്തെ
എന്തിനു സമർപ്പിക്കുന്നു
മറ്റുള്ള ഭ്രുവിതരിൽ...
എല്ലാം ഒരു നിശ്യാസത്തിൽ
കലർത്തിയാ... എൻജ്ജീവിതംവും
സാഫനല്യമാം വഴിതാരയിൽ
ഞെട്ടി വിറച്ച് അലറി കരഞ്ഞു ഞാൻ
ഞെട്ടി ഉണർന്നപ്പോൾ
സ്വ്യപ്നമാണെന്ന സത്യം
വിശ്യസിക്കാൻ എനിക്കായില്ല.

**SumayyaT (HST Hindi)**

# ചിത്രവിസ്മയങ്ങൾ



shamla KM(9A)



Shafla KM
(9A)



shamla KM(9A)




Ashfil Ali4b)

# പ്രവൃത്തി പരിചയം വിവിധ മേഖലകളിലൂടെ.......................

ശാസ്ത്രീയ ചിന്തയുടേയും യുക്തി നിരീക്ഷണത്തിൻറെയും സാധ്യതകൾ അനവധിയുള്ള സവിശേഷ പഠനമേഖലയാണ് പ്രവൃത്തി പരിചയ പഠനം. എല്ലാ വിദ്യാർത്ഥികൾക്കും വളരെ സർഗാത്മകമായി ചെയ്യാൻ കഴിയുന്ന ഒരു പ്രവർത്തനമാണിത്.

2019-2020 അധ്യായന വർഷത്തിലെ പ്രവൃത്തി പരിചയ പഠനത്തിലൂടെ വിവിധ മേഖലകളിലൂടെ കടന്ന് പോകാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു. പ്രവൃത്തി പരിചയ മേളയിൽ പങ്കെടുക്കുന്നതിനായി ചന്ദനത്തിരി നിർമ്മാണം, ബുക്ക് ബൈൻറിംഗ്, എംബ്രോയിഡറി, ഫാബ്രിക് പെയിൻറ്, മെറ്റൽ എൻഗ്രേവിംഗ് , ഡോൾ മൈക്കിംഗ്, ത്രഡ് പാറ്റേൺ , ചിരട്ട കൊണ്ടുള്ള ഉൽപ്പന്നം തുടങ്ങിയ 35 ഇനങ്ങളിലായി കുട്ടികൾക്ക്പരിശീലനം നല്കി. എൽ.പി വിഭാഗത്തിൽ നിന്ന് 5 കുട്ടികളും , യു.പി വിഭാഗത്തിൽ നിന്ന് 10 കുട്ടികളും , ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് 20 കുട്ടികളും , ജി.എച്ച്.എസ്.എസ് പുല്ലങ്കോട് വെച്ച് നടന്ന വണ്ടൂർ സബ് ജില്ലാ പ്രവൃത്തി പരിചയമേളയിൽ പങ്കെടുത്തു.

**ജി.എച്ച്.എസ് അഞ്ചച്ചവടി - എ ഗ്രേഡ് കിട്ടിയ വിദ്യാർത്ഥികൾ**

| SL No | Name | Item | Class | Grade |
|---|---|---|---|---|
| 1 | Arya C P | Waist Materials | 7 A | A |
| 2 | Jamshiya P V | Coir door mat | 7 C | A |
| 3 | Vignesh K P | Coconut Shel | 9 D | A |
| 4 | Riswan P | Coir door mat | 10 B | A |
| 5 | Muhammed Shahal A | Metal Engraving | 9 A | A |
| 6 | Aiswarya C P | Waist Materials | 10 A | A |
| 7 | Yadhu Krishnan | Agarbathi Making | 6 C | A |

| | | | | |
|---|---|---|---|---|
| 8 | Ajsal V | Thread Pattern | 7 A | A |
| 9 | Sameeha K T | Doll Making | 9 A | A |
| 10 | Rohan Kumar P | Wood Carving | 9 A | A |
| 11 | Ajmila M T | Thread Pattern | 10 C | A |

പ്രവൃത്തി പരിചയ മേളയിൽ പങ്കെടുത്ത എല്ലാ കുട്ടികളും വളരെ മികച്ച പ്രകടനം കാഴ്ച വെച്ചു. 11 കുട്ടികൾക്ക് എ ഗ്രേഡും മറ്റു വിദ്യാർത്ഥികൾക്ക് ബി, സി ഗ്രേഡുകൾ കരസ്ഥമാക്കാൻ സാധിച്ചു. മേളയിൽ സബ് ജില്ലയിൽ നിന്ന് എ ഗ്രേഡ് കിട്ടിയ എല്ലാ വിദ്യാർത്ഥികൾക്കും ട്രോഫിയും സർട്ടിഫിക്കറ്റുകളും നൽകി . എൽ.പി, യു.പി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രവത്തി പരിചയ മേള സബ് ജില്ലാ മത്സരത്തോടെ അവസാനിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് എ ഗ്രേഡോടെ ഫസ്റ്റും സെക്കൻറും കിട്ടിയ 5 കുട്ടികൾ കൊണ്ടോട്ടിയിൽ വെച്ച് നടന്ന ജില്ലാതല പ്രവൃത്തി പരിചയമേളയിൽ പങ്കെടുത്തു. ജില്ലാ മത്സരത്തിൽ വേസ്റ്റ് മെറ്റീരിയൽ നിർമ്മാണത്തിന് ഐശ്വര്യക്കും ചിരട്ടകൊണ്ടുള്ള ഉൽപ്പന്ന നിർമ്മാണത്തിന് വിഘ് നേശിനും എ ഗ്രേഡ് ലഭിച്ചു. മറ്റ് കുട്ടികൾക്ക് ബി ഗ്രേഡും ലഭിച്ചു.

കുട്ടികളെ സബ് ജില്ലാ മത്സരത്തിൽ പങ്കെടുക്കാൻ കൊണ്ട് പോയ സുപ്രിയ, അനുരഞ്ജിത്ത്, ദീപു, രേഖ, സൗമ്യ, എന്നീ അധ്യാപകരുടെ സഹായം എടുത്ത് പറയേണ്ടതുണ്ട്. ജില്ലാ തല മത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ കൊണ്ട് പോയ ഷറഫലി, അസ് മാബി എന്നിവരുടെ സേവനവും പ്രശംസനീയമാണ്.

മേളകൾക്കായി എല്ലാ സഹായങ്ങളും ചെയ്തു തന്ന ഹെഡ് മാസ്റ്റർ, ഡെപ്യൂട്ടി എച്ച്.എം അടക്കമുള്ളവരേയും വിസ് മരിക്കാനാവില്ല.

Asmaabi Teacher



# കായികമേഖലയിൽ GHS-ന്റെ നേട്ടങ്ങൾ

**GHS Anchachavadi**-യിൽ കായികമേഖലയിൽ പുതിയ മാറ്റത്തിന് തുടക്കം കുറിച്ചു.**2019 september 30,october 01** തീയതികളിൽ സ്കൂൾ **Athletic meet** നടത്താൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായിട്ട് **septe mber19** ന് **Head master K Unnikrishnan** മീറ്റിന്റെ ലോഗോ പ്രകാശനം നിർവഹിക്കുകയും **O K Sivaprasad, M Manoj** എന്നിവർ ചടങ്ങിൽ പങ്കെടുത്തു.**Deputy head master M Azeez** സംസാരിച്ചു.
**O K Sivaprasad** സ്വാ ഗതവും കായികാധ്യാപകൻ **A Sharafali** നന്ദിയും പറഞ്ഞു.പാലക്കാട് വച്ച് നടന്ന സംസ്ഥാന **Targetball cham pionship**-ൽ ജേതാക്കളായ **Muh.Akif,(10C) Muh.Shibili(10C)**എന്നിവരെ ആദരിച്ചു.വളരെ വ്യത്യസ്തമായ രീതിയിൽ രണ്ടു ദിവസം നീണ്ടുനിന്ന കായികമേള മനോഹരമായി നടത്തുകയും ഉന്നതവിജയം നേടിയ കുട്ടികളെ സബ്ജില്ല ടീമിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു.

## FOOTBALL

സബ്ജില്ല മത്സരങ്ങൾക്കായി അണ്ടർ **16** ടീമിലേക്ക് **Lijas 10A** യോഗ്യത നേടി.കാളികാവ് പഞ്ചായത്ത് സംഘടിപ്പിച്ച **LP,UP** വിഭാഗം മത്സരത്തിൽ **UP** വിഭാഗം **champion** മാരായി.കാളികാവ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എൻ സൈതാലി ട്രോഫി സമ്മാനിക്കുകയും ചെയ്തു.ആഹ്ളദരായ കുട്ടികൾ സ്കൂൾ പരിസരത്ത് ആവേശപ്രകടനം നടത്തി.

## VOLLEYBALL

ഈ വർഷത്തെ സബ്ജില്ല വോളിബോൾ മത്സരം നമ്മുടെ സ്കൂൾ സിന്തറ്റിക് കോർട്ടിൽവെച്ച് നടത്തുകയും അണ്ടർ **16 boys team runners** ആവുകയും ചെയ്തു.ടീമിൽ നിന്ന് രണ്ടുപേർ സബ്ജില്ല ടീമിലേക്ക് യോഗ്യത നേടി. **Muh.Shibili(10C),Sabith 10A, Muh.Akif,(10C),Rohan kumar 9A,Adhnan (10C)**എന്നീ കുട്ടികൾ പര പ്പനങ്ങാടിയിൽ വെച്ച് നടന്ന റവന്യൂ വോളിബോൾ മത്സരത്തിൽ സബ്ജില്ല ടീമിനുവേണ്ടി പങ്കെടുത്തു.

## TARGET BALL

09-05-2019 പാലക്കാട് വെച്ച് നടന്ന സംസ്ഥാന TARGET BALL മത്സരത്തിൽ യോഗ്യത നേടിയ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളായ Muh.Akif,(10C), Muh.Shibili(10C) എന്നിവർ വയനാട് ജില്ലക്ക് വേണ്ടി കളിക്കുകയും മലപ്പുറത്തിനെതിരെ വിജയിച്ച് Champion Ship ചാമ്പ്യന്മാരാവുകയും ചെയ്തു.



NET BALL TEAM




FOOTBALL TEAM



VOLLEYBALL TEAM



# നന്ദി …………….

ജി.എച്ച്.എസ്.അഞ്ചുവടി 2019-20 ലിറ്റിൽ കൈറ്റ്സ് ടീമിന്റെ ഇ-മാഗസിൻ 'ചിരാത് '-ന്റെ അണിയറപ്രവർത്തനങ്ങളിൽ നിർദേശങ്ങൾ നൽകിയ എന്റെ സഹപ്രവർത്തകർക്കും എഡിറ്റിങ്ങ് ഉൾപ്പെടെ എല്ലാ ജോലികളും ആത്മാർത്ഥമായി ചെയ്ത മുൻ ലിറ്റിൽ കൈറ്റ്സ് അംഗം Md.Arshan.K.T, 2019-20 ടീം അംഗങ്ങൾ എന്നിവർക്ക് ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു.

Suchithra.E.V HST NS